

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**13 MARCH 2020**
**18 RAJAB 1441 AH**

# THE SIGNS OF ALLAH (PT.1)

## അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ (ഭാഗം-1)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ (ഭാഗം-1)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! ലോകത്തെ തകർത്തെറിയുന്ന കൊറോണ വൈറസ് സംബന്ധമായും മറ്റു അത്യാപത്തുകൾ സംബന്ധമായും അല്ലാഹുവിൽ നിന്നും എനിക്ക് സന്ദേശം ലഭിച്ചിരിക്കുകയാണ്. നൂതനമായ ഈ വിഷയം സംബന്ധമായി എന്റെ പ്രസംഗങ്ങളിലൂടെ നിങ്ങളുടെയും ലോകത്തിന്റെയും ശ്രദ്ധ ക്ഷണിച്ച ശേഷം, ഇൻശാ അല്ലാഹ്, അതിന് ശേഷം, അല്ലാഹുവിന്റെ ഗുണനാമങ്ങൾ എന്ന വിഷയത്തിന്റെ നാലാം ഭാഗത്തിലേക്ക് ഞാൻ മടങ്ങിവരുന്നതാണ്.

എന്താണ് ചൈനയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്? ചൈനയിലും ലോകത്തിലെ മറ്റിതരരാജ്യങ്ങളിലും കൊറോണ വൈറസ് വ്യാപിച്ച് സാഹചര്യം വളരെ മോശമായി തീർന്നിരിക്കുന്നു. ഇതിൽ തീർച്ചയായും ചിന്തിക്കുവാനുള്ള വകയുണ്ട്. ആരാണോ ഇസ്ലാമിനും മുസ്ലിംകൾക്കുമെതിരിൽ ശത്രുതവിതയ്ക്കുന്നത്, തീർച്ചയായും അത്തരം ആൾക്കാർ ദൈവീകശിക്ഷ നേരിടേണ്ടി വരികതന്നെ ചെയ്യുന്നതാണ്.

വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ ഒരാൾക്കും വിശ്വസിക്കുവാനാവുകയില്ല. ബുദ്ധി ഉപയോഗിക്കാത്തവരുടെ മേൽ അവൻ കോപം ഇറക്കുന്നു. (യൂനുസ് 10:101)

ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ, അനേക മഹാവിപത്തുകൾ ലോകത്തെ പിടികൂടിയിട്ടുണ്ട്, അത് ദുരന്തങ്ങൾക്ക് മേൽ ദുരന്തമായിരുന്നു എന്നുതന്നെ പറയാം. നിങ്ങൾ ഒരപഗ്രഥനം നടത്തിനോക്കു! എന്നിട്ട് ഒരു തീരുമാനത്തിലെത്തിച്ചേരു. എന്നിട്ട് പറയു! സംഭവിച്ച കാര്യങ്ങളെകുറിച്ച് ആഴത്തിൽ ചിന്തിച്ചതിന് ശേഷം പറയു, 2001 മുതൽ പുതിയ സഹസ്രാബ്ദം ആരംഭിക്കുകയായി. (2001 ജനുവരി 1 മുതൽ) അനേകം സംഭവങ്ങൾ ലോകത്ത് അരങ്ങേറുകയുണ്ടായി. എന്നെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ നിന്നും പുറത്താക്കുന്നതിലൂടെ അതിന്റെ ആരംഭം കുറിക്കുകയുണ്ടായി. (അതായത് നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കുകയുണ്ടായി) അവിടെ എനിക്ക് അനേകം പരീക്ഷണങ്ങളെ നേരിടേണ്ടതായി വന്നു. ദ്വീപിലെ മുഴുവൻ അഹ്മദിയാ പള്ളികളിലും മാത്രമല്ല, അയൽ ദ്വീപുകളിലും മറ്റു രാജ്യങ്ങളിലും എനിക്കെതിരിൽ വിദ്വേഷ പ്രചാരണ പ്രവർത്തനം അവർ നടത്തുകയുണ്ടായി. എന്തു കൊണ്ടാണ് ഈ ശത്രുത? അല്ല, ഞാനൊരു കള്ളനായിരുന്നില്ല, ഞാനൊരു വഞ്ചകനായിരുന്നില്ല, ഗൂഢാലോചന നടത്തുന്ന ആളുമായിരുന്നില്ല. കെട്ടുകഥ മെനയുന്ന ആളുമായിരുന്നില്ല, ബഹുദൈവങ്ങളെ ആരാധിക്കുവാൻ പ്രബോധിക്കുന്ന ആളുമായിരുന്നില്ല, എന്നാൽ എനിക്ക് ഈ പറയപ്പെട്ട എല്ലാവിധ പരീക്ഷണങ്ങളിലൂടെയും കടന്നുപോകേണ്ടിവന്നു. നിസ്സാഹകരണങ്ങളിലൂടെ, പരിഹാസങ്ങളിലൂടെ, ഒഴിവാക്കലുകളിലൂടെ എനിക്ക് നടന്നുപോകേണ്ടതായി വന്നു. വസ്തുത ഇതായിരുന്നു. എന്നോട് അല്ലാഹു(ത) സംസാരിക്കുന്നു എന്ന് ഞാൻ പ്രഖ്യാപിക്കുകയുണ്ടായി. എനിക്ക് ദിവ്യവെളിപാടുകൾ ലഭിക്കുന്നു എന്ന് ഞാൻ ലോകത്തോട് പറയുകയുണ്ടായി. അവരുടെ എല്ലാവിധ ഗൂഢതന്ത്രങ്ങൾക്കും ഗൂഢാലോചനകൾക്കുമപ്പുറം അല്ലാഹു(ത) എനിക്ക് ദൈവീക വെളിപാടുകൾ തന്നു കൊണ്ടിരുന്നു, ഞാൻ അത് സ്വീകരിച്ചുകൊണ്ടുമിരുന്നു. ഈ ആളുകൾക്കും, ലോജനതയ്ക്കും, ബോധ്യമാകാത്തക്കവണ്ണം, എല്ലാവിധ അടയാളങ്ങളും നല്കികൊണ്ടിരുന്നു. ലോകർ ചിന്തിക്കുവാനും അവരുടെ സ്വഭാവം സംസ്ക്കരിക്കുവാനുമായി!ആകാശത്തുനിന്ന് മഴ വർഷിക്കുന്നതുപോലെ വെളിപാടുകൾ എനിക്ക് ഇറങ്ങിക്കൊണ്ടിരുന്നു. മാനവകുലത്തെ കാത്തിരിക്കുന്ന അപകടങ്ങളെകുറിച്ച് അവർക്ക് മുന്നറിയിപ്പ് നല്കുന്നതിനായി!

ഈ വിഷയം സംബന്ധമായി ഞാൻ അനേകം ഖുത്തുബകൾ നിർവ്വഹിക്കുകയുണ്ടായി. മാനവകുലം അപകടത്തിലാണ് എന്ന എന്റെ അനേകം പ്രസംഗങ്ങളിൽ ഒരു പ്രസംഗം **ലി മൗറിഷ്യൻ** എന്ന പത്രത്തിൽ പ്രസിദ്ധീകരിക്കുകയുമുണ്ടായി. നിങ്ങൾ മനസ്സിലാക്കുക, അല്ലാഹു(ത) അവൻ അവന്റെ ഒരു പ്രവാചകനെ നിയോഗിക്കുമ്പോൾ, അവൻ അദ്ദേഹത്തിന് സന്ദേശങ്ങളും നല്കുന്നു. അതിലൂടെ, അദ്ദേഹം ലോകത്തിന് മുന്നറിയിപ്പും നല്കുന്നു. അങ്ങനെ ജനങ്ങൾക്ക്, സ്വയം നന്നാകുവാൻ, ഒരു സമയവും നല്കുന്നു. തിന്മയിൽ നിന്ന് അകലുവാനും, നന്മ കൈകൊള്ളുവാനുമായി , സത്പന്ഥാവ് തെരഞ്ഞെടുക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുവാനും ഈ അവസരം അദ്ദേഹം ഉപയോഗിക്കുന്നു. നിഷ്ക്കളങ്കമായി അദ്ദേഹത്തിൽ വിശ്വസിക്കുവാനും, ദൈവീക വെളിപാടകളിൽ വിശ്വസിക്കുവാനും, നല്ല പ്രവർത്തനങ്ങൾ ചെയ്യുവാനും, ഏക ദൈവത്തിന്റെ മുന്നിൽ (അല്ലാഹുവിന്റെ മുന്നിൽ) സകലതും അർപ്പിക്കുവാനും അദ്ദേഹം ഉപദേശിക്കുന്നു.

വളരെ ദയനീയമായ ഒരു കാര്യമാണ്. അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം പ്രവർത്തിച്ചാൽ (അദ്ദേഹത്തിന്റെ ജീവിതത്തിലെ അവസാന കാലത്ത് ചിലപ്പോൾ) വളരെ കുറച്ചാളുകൾ ഈ ദൈവീക ദൂതനെ അംഗീകരിച്ചേക്കാം. ഈ ദൈവീക ദൃഷ്ടാന്തത്തെയും അംഗീകരിച്ചേക്കാം. അദ്ദേഹത്തിന്റെ മരണശേഷം മാത്രമായിരിക്കും, വർഷങ്ങൾക്ക് ശേഷം, വളരെ വർഷങ്ങൾക്ക് ശേഷം അദ്ദേഹത്തിന്റെ സത്യത ജനങ്ങൾ തിരിച്ചറിയുന്നത്. അദ്ദേഹത്തിൽ വിശ്വസിക്കുന്നത്, അദ്ദേഹം കൊണ്ടു വന്ന ദൈവീക അടയാളങ്ങളിൽ വിശ്വസിക്കുന്നത്!

അതുകൊണ്ട്, ഒരു ദൈവദൂതന്റെ ജീവിതകാലയളവിൽ വളരെയധികം ആളുകളും അദ്ദേഹത്തിൽ നിന്ന് പിന്തിരിഞ്ഞുപോകും. അവർ അന്ന് അന്ധൻമാരും ബധിരൻമാരും പോലെയായിരിക്കും.അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സന്ദേശത്തെയും തുടച്ചു നീക്കുന്നതിനായി എല്ലാവിധ കുറ്റകരമായ പദ്ധതികളും അവർ ആസൂത്രണം ചെയ്യുന്നതാണ്.

ഇന്ന് നിങ്ങൾക്ക് കാര്യങ്ങൾ ബോധ്യമാകുന്നതിനും ചിന്തിക്കുന്നതിനുമായി, ഞാൻ നിങ്ങളുടെ മുമ്പാകെ ഓതിയ ദൈവീക വചനത്തെകുറിച്ച് ചിന്തുക്കുക! വിശ്വസിക്കാതിരിക്കുവാനുള്ള ഒഴികഴിവായി ഈ വചനത്തെ നിങ്ങൾ നോക്കി കാണരുത്. അത് നിങ്ങ

ളോടെ തന്നെ പറയുന്നു ഞങ്ങൾ എങ്ങനെയാണോ അങ്ങനെ ഞങ്ങൾ ആയിരിക്കുവാൻ, അല്ലാഹു അവൻ തന്നെയാണ് ഇച്ഛിച്ചതും , തീരുമാനിച്ചതും.

വിശ്വാസം എന്നത് യാദൃശ്ചികമായി ഉണ്ടാകുന്നതല്ല. ഇത് ബുദ്ധിപരമായ ചില നടപടിക്രമങ്ങളുടെ ഫലമാണ്. നമ്മുടെ ബൗദ്ധികതയെ അവലോകനം ചെയ്യുകയും മനസ്സിന്റെ അവസ്ഥയെ മനസ്സിലാക്കുകയും, ബുദ്ധിയുടെയും ഇന്ദ്രിയ ശക്തികളുടെയും കാര്യകാരണവ്യവസ്ഥയുടെയും വെളിച്ചത്തിൽ അതിനെ വിമർശന വിധേയമാക്കുകയും ചെയ്ത് പ്രകൃതി നിയമത്തിന് വിധേയമായി പ്രവർത്തിക്കുക. വിശ്വസിക്കുക എന്നത് മനുഷ്യനു മാത്രം പ്രത്യേകമായിട്ടുള്ള ഒരു കാര്യമാണ്. അത് ചെയ്യുന്നതിലൂടെ, അവൻ അവന്റെ പ്രകൃതിയിൽ നിലകൊള്ളുന്നു. (ദൈവം) അല്ലാഹു(ത) നമ്മോട് പറയുന്നു അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈക്കൊള്ളുക) അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. (അർറൂം 30:31)

ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത് സംബന്ധമായി നിങ്ങൾക്ക് നല്ല ബോധമുണ്ടായിരിക്കണം. ലോകം എന്തായി തീരുന്നുയെന്നും നിങ്ങൾക്ക് ചിന്തയുണ്ടായിരിക്കണം. മഹാദുരന്തങ്ങൾക്ക് ശേഷം വീണ്ടും മഹാദുരന്തം! ഇതിന്റെ അവസാനമെന്താണ് എന്ന് നാം കാണുന്നില്ല.

(ആയിരക്കണക്കിന്) ദുരന്തങ്ങളിൽ നിന്നും ഈ നൂറ്റാണ്ടിലെ ഏതാനും ദുരന്തങ്ങളെക്കുറിച്ച് നിങ്ങളെ ഹ്രസ്വമായ നിലയിൽ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം സൃഷ്ടാവ് എന്നെ അവന്റെ ദൂതനായി ഈ നൂറ്റാണ്ടിൽ തെരഞ്ഞെടുത്തിരിക്കുകയാണ്. അത് (ഇസ്ലാമിക കലണ്ടറായാലും ശരി, പൊതു കലണ്ടറായാലും ശരി) ഒരു പക്ഷേ നിങ്ങളതു മറന്നു പോയിട്ടുണ്ടാകും.

1. ഹർറീകെയ്ൻ കത്രീന അമേരിക്കയിലെ ന്യൂ ഓർലിയൻസിനെ തകർത്തുതരിപ്പണമാക്കുകയുണ്ടായി. അതു ലോകത്തെ ആകെ പിടിച്ചു കുലുക്കിയ സംഭവമാണ്.

(ദൈവീക ദൃഷ്ടാന്താരംഭം മുതൽ, അല്ലാഹു(ത) എനിക്ക് വെളിപാടുകൾ നല്കിയിട്ടുണ്ട്. സംഭവിക്കുവാൻ പോകുന്നതൊക്കെ എനിക്ക് ദിവ്യ വെളിപാടുകളിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. എന്റെ ചുറ്റുമുള്ളവർ അതിനു സാക്ഷ്യം വഹിച്ചിട്ടുമുണ്ട്. അവർ ഈ വെളി

പാടുകൾ രേഖപ്പെടുത്തിയിട്ടുമുണ്ട്. മറ്റു പ്രവചനങ്ങളും അവർ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇനി ഈ ആളുകൾ ഞാൻ പറയുന്നത് കള്ളമാണെന്ന് കരുതുന്നുവെങ്കിൽ അവർ മുന്നോട്ട് വരട്ടെ, ഞാൻ പറഞ്ഞത് നിരസിക്കട്ടെ, എന്നിട്ട് അല്ലാഹുവിന്റെപേരിൽ സത്യം ചെയ്യട്ടെ! അവർ എന്നെ കള്ളൻ എന്ന് വിളിക്കട്ടെ!

ഈ വെളിപാടുകളിൽ ചിലത് സത്യമായി പുലർന്നപ്പോൾ, അനേകം പേർ എന്നെ ഫോണിൽ ബന്ധപ്പെടുകയുണ്ടായി. പ്രസ്തുത വെളിപാടുകൾ സത്യമായി പുലർന്നതായി! സത്യത്തിൽ എനിക്ക് തന്നെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത് എന്ന് അറിയില്ലായിരുന്നു. അവർ എന്നെ എല്ലായിടത്തും തിരയുകയായിരുന്നു. ഈ ദർശനാ സത്യത എന്നെ അറിയിക്കുവാനായി! ദൈവസ്മരണയ്ക്കും പ്രാർത്ഥനയ്ക്കുമായി ഞാൻ ബൈത്തു ദിക്ക്റിൽ ഇരിക്കുകയായിരുന്നു. ഞാൻ ഇത്തരം ജാഗ്രതാവസ്ഥയിൽ ഇരുന്നപ്പോൾ, ഞാൻ ഈ ലോകവുമായുള്ള ബന്ധം എനിക്ക് അറ്റുപോയിരുന്നു. ഞാൻ എന്നെ, എന്റെ സൃഷ്ടാവിന്റെ കരങ്ങളിലേക്ക് എറിയപ്പെട്ടതായി തോന്നുകയുണ്ടായി. ഒരു കുട്ടിക്ക് മാതാവിൽ നിന്ന് സ്നേഹവും സാന്ത്വനവും ലഭിക്കുന്നതുപോലെയായി എന്റെ സ്ഥിതി. (എന്റെ സൃഷ്ടാവിന്റെ കരങ്ങളിൽ ഞാൻ) അല്ലാഹുമായുള്ള ഈ ബന്ധം മാതാവുമായുള്ള സ്നേഹസൗഹൃദ ബന്ധത്തിനും എത്രയോ മധുരതരത്തിലാണ് ഉണ്ടായിരുന്നത്! ഇതെങ്ങയൊണെന്ന് നിങ്ങൾക്ക് സങ്കല്പിക്കുവാൻ പോലും കഴിയുകയില്ല. ദൈവീക ദൃഷ്ടാന്താരംഭത്തിലെ പ്രസ്തുത നിമിഷങ്ങൾ എങ്ങനെയാണോ അതുപോലെ തന്നെ ഇപ്പോഴും അതു തുടരുന്നു. എനിക്ക് ഇതിനപ്പുറം മറ്റൊന്നും ആവശ്യമില്ല. എനിക്ക് എന്റെ രക്ഷിതാവിന്റെ സ്നേഹം മാത്രമാണ് ആവശ്യം) ഞാൻ ഇനി വിഷയത്തിലേക്ക് മടങ്ങി വരികയാണ്.

ഈ സംഭവം നമുക്ക് കാട്ടിത്തരുന്നത്, ഭൗതീകമായും സാങ്കേതികമായും അത്യുന്നതികളിലായി, ലോകരാഷ്ട്രങ്ങളിൽ കരുത്തുറ്റ ഒന്നായി നില്ക്കുന്ന, രാജ്യമാണെങ്കിലും പ്രകൃതിയുടെ ശക്തിക്കമുന്നിൽ ഈ പറഞ്ഞതൊക്കെയും തീർത്തും ഒന്നുമല്ല, ആരുമല്ല എന്നു തന്നെയാണ്.

അടുത്തിടെയായി നാം കണ്ടുവരുന്നത് പ്രകൃതി ദുരന്തങ്ങൾ ഒന്നിനു പിറകെ മറ്റൊന്നായി സംഭവിച്ചു കൊണ്ടിരിക്കുന്നതാണ്. അതു സംബന്ധമായ വാർത്തകൾ, യുദ്ധക്കളങ്ങളിൽ നിന്നുള്ള

വാർത്തകൾക്കു സമാനമായി നാം ശ്രവിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ, ഇത്തവണ പ്രകൃതി, മാനവരാശിക്ക് എതിരെ നില്ക്കുന്നതായാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്.

2. ദേശാടനപ്പക്ഷികൾ പക്ഷിപ്പനി പടർത്തുന്നു. ഈ രോഗം തെക്കു കിഴക്കേ ഏഷ്യയിൽ നിന്നും യൂറോപ്പിലേക്ക് പടർന്നിരിക്കുന്നു. റഷ്യയിലെ 5 മേഖലകളിൽ ക്വോറന്റെയിൻ നിർബന്ധമാക്കിയിരിക്കുകയാണ്. 2005 സെപ്തംബർ 14ന് ഇറ്റാലിയൻ ശാസ്ത്രജ്ഞൻമാർ വെളിപ്പെടുത്തിയ വസ്തുത, പക്ഷിപ്പനിക്കു കാരണമായതും, തീരെ അപകടകാരിയല്ലാത്തതുമായ H7N3H ടൈപ്പ് ഏവിയൻ വൈറസ് പക്ഷികളിൽ നിന്നും മനുഷ്യരിലേക്ക് പകർന്നേക്കാൻ സാധ്യതയുണ്ട് എന്നാണ്. ഇങ്ങനെ മനുഷ്യരിലേക്ക് പകർന്നു കിട്ടുന്ന ഏവിയൻ വൈറസ് പനിബാധിതരായ മനുഷ്യരിൽ അവരുടെ പനിക്കു കാരണമാക്കിയ വൈറസുമായി പ്രതിവർത്തിച്ച് കൂടുതൽ ഭയാനകമായ പകർച്ച പനിക്കു കാരണമാകും.

3. ഇൻഡ്യയിലും, നേപ്പാളിലും, 700–ഓളം മരണങ്ങൾക്കു കാരണമായ ജാപ്പനീസ് എൻസഫലൈറ്റിസ് എന്ന പകർച്ചവ്യാധി നിലവിൽ ഉണ്ടായിട്ടുണ്ട്.

4. ചൈനയിൽ സ്ട്രെപ്റ്റോകോക്കസ്–2ന്റെ ആക്രമണഫലമായുണ്ടാകുന്ന swine epidemic എന്ന പകർച്ചവ്യാധിയുടെ ഫലം നാം കണ്ടതാണ്. ഈ രോഗം മുഖേനയുള്ള മരണനിരക്ക് വളരെ ഉയർന്ന നിലയിലാണ്. ഇതു കൂടാതെ ഇപ്പോൾ ചൈനയുടെ തെക്കൻ മേഖലകളിലെ കർഷകർക്കിടയിൽ പേരറിയാത്ത, കാരണം അറിയാത്ത ഒരു തരം പകർച്ചവ്യാധി വ്യാപിക്കുന്നതായും അതു മുഖേന ഏറെപേർ മരണമടയുന്നതായും കണ്ടു തുടങ്ങിയിരിക്കുന്നു.

5. സുനാമി (ഈ സുനാമി ഉണ്ടായ അന്നേ ദിവസം പ്രഭാതത്തിൽ തഹജ്ജൂദ് നമസ്ക്കാരവേളയിൽ, അല്ലാഹു എനിക്ക് വിവിധ രാജ്യങ്ങളിൽ ഒരേ സമയം സുനാമി ആഞ്ഞടിക്കുന്നതായി കാട്ടിത്തരുകയും അതോടൊപ്പം ഞാൻ ഉർദുവിലെ ഒരു കവിതാശകലം തൂഫാനെ സലാത്ത് സെ യാ റബ് തു ബചാദേന കേൾക്കുകയും ചെയ്തു. ഈ ദിവസം (2004 ഡിസംബർ 26ന് രാവിലെ) സഹീഹ് അൽ ഇസ്ലാം ഓഫ് ജമാഅത്ത് അഹ്മദിയഅൽ

മുസ്ലിമീൻ അനുയായികളോടൊപ്പം ഞാൻ പ്ലേയ്ൻ ഷാംപേൻ എന്ന സ്ഥലം സന്ദർശിക്കുകയുണ്ടായി. ഫജ്ർ നമസ്ക്കാരന്തരം അവിടെ കൂടിയിരുന്ന അംഗങ്ങളോട് അന്നേ ദിവസം പ്രഭാതത്തിൽ അല്ലാഹു എനിക്ക് കാട്ടിത്തന്ന കാഴ്ചയെപ്പറ്റി ഞാൻ വിശദീകരിച്ചു–ഒരു വലിയ സുനാമിയുടെ വരവ്. ഇതിനെപ്പറ്റി പറഞ്ഞതിനു ശേഷം പ്ലേയ്ൻ ഷാം പേയ്ൻ ലേക്ക് പോകുന്നതിനായി വാഹനമിറക്കുന്നതിനു മുന്നോടിയായി ഞങ്ങൾ ദീർഘമായി ദുആ ചെയ്യുകയുണ്ടായി. അതിനു ശേഷം ഞങ്ങൾ യാത്രപുറപ്പെട്ടു. ഒരു മിനിബസിലായിരുന്നു യാത്ര. യാത്രാരംഭത്തിൽതന്നെ ഞാൻ വാർത്തയുടെ സമയമാകുമ്പോൾ റേഡിയോ ഓൺ ചെയ്യണമെന്ന് ബസ് ഡ്രൈവറെ ശട്ടം കെട്ടുകയും ചെയ്തു.

പക്ഷേ, രാവിലെ മുതൽ ഉച്ചയ്ക്ക് മൂന്നുമണി കഴിയുന്നതുവരെയുള്ള വാർത്തകളിൽ പ്രത്യേകിച്ച് ഒന്നുമുണ്ടായിരുന്നില്ല. എല്ലാം ശാന്തമായി പോകുന്ന പോലെ തന്നെ അനുഭവപ്പെട്ടു. ഞങ്ങൾ ഔട്ടിംഗ് കഴിഞ്ഞ് തിരികെ വീട്ടിലെത്തി. കുളിയൊക്കെ കഴിഞ്ഞ് വിശ്രമിക്കുന്ന സമയത്ത് അഹ്മദിയ അൽ മുസ്ലിമിൽ ജമാഅത്തിലേ രണ്ട് യുവാക്കൾ (സാഹിബുൽ ആലം) ടിവി വാർത്തയിൽ ബ്രേക്കിംഗ് ന്യൂസ് വരുന്നതായി വിളിച്ചു പറഞ്ഞു. അവർ എന്നോട് ഇൻഡോനേഷ്യയിൽ സുനാമിയാഞ്ഞടിച്ച കാര്യമാണ് പറഞ്ഞത്. 2004 ഡിസംബർ മാസത്തിൽ നടന്ന ഈ സുനാമിയിൽ മുപ്പതിനായിരത്തിൽ ഏറെ മനുഷ്യർ കൊല്ലപ്പെടുകയുണ്ടായി. അനേകം യൂറോപ്യൻ രാജ്യങ്ങളിൽ വൻ പ്രളയം ബാധിക്കുകയുണ്ടായി.

6. റഷ്യയിലും, പോർട്ടുഗൽ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലും വൻവിപത്ത് വാരിവിതറിയ തുടരെത്തുടരെയുണ്ടായ കാട്ടൂതീകൾ മറക്കരുത്.

7. വന്ന്, വന്ന് വിമാനപകടങ്ങൾ ഇപ്പോൾ തീർത്തും സാധാരണ സംഗതിയായി മാറിയിരിക്കുന്നു. ഇത്തരം വാർത്തകൾ ആളുകളെ ഞെട്ടിക്കുകയോ, അത്ഭുതപ്പെടുത്തുകയോ ചെയ്യുന്നതേയില്ല. ഇത്തരം വാർത്തകൾ ഒന്നു കണ്ണോടിച്ചു നോക്കിയാൽ എത്ര വിമാന ദുരന്തങ്ങൾ നമുക്കു ചുറ്റും നടക്കുന്നുവെന്നും അതിലെത്രയോ ആൾക്കാർ മരണപ്പെടുന്നു എന്നും നമുക്ക്

കാണാം.

ഈ പറഞ്ഞവയെല്ലാം തന്നെ, ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ എനിക്ക് വെളിപാടുകളായി ലഭിച്ചിരുന്നവയിൽ നിന്നുള്ളവയാണ്. ദൈവീക വെളിപ്പെടുത്തലുകൾ വെളിപ്പെടുത്തിയപ്പോൾ തന്നെ അതിന്റെ സത്യത സാക്ഷ്യപ്പെടുത്തിയ അനേകർ ഉണ്ടായിരുന്നു. ഇന്നും, ഈ കാലഘട്ടത്തിലെ ദൈവീക വെളിപ്പെടുത്തലിന്റെയും, എന്റെ സത്യതയുടെ സാധൂകരണത്തിന്റെയും അടയാളമായാണ് ഇവയൊക്കെ നില്ക്കുന്നത്.

എനിയ്ക്ക് അല്ലാഹുവിൽ നിന്നും വെളിപാടുകൾ ലഭിക്കുന്നു എന്ന വസ്തുത കൊണ്ടാണ് എനിയ്ക്കെതിരിൽ ദുശ്ശക്തികൾ പ്രവർത്തിക്കുകയും, എന്നെ അപകടപ്പെടുത്തുന്നതിനായി പദ്ധതികൾ തയ്യാറാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. അവർ എനിയ്ക്കെതിരിൽ കള്ളങ്ങൾ കെട്ടിച്ചമയ്ക്കുകയും ചെയ്യുന്നു.

ഇന്ന് ഞാൻ എന്നെ വിശ്വസിച്ച എന്റെ അനുയായികളേയും, എന്നെ വിശ്വസിക്കാതെ, പിന്തിരിഞ്ഞു നില്ക്കുന്ന മറ്റുള്ളവരേയും അഭിസംബോധന ചെയ്യുകയാണ്. നിങ്ങളോട് ഞാൻ തർക്കമില്ലാതെ ഒന്നു പറയുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ എന്റെ ജോലിയാണ് ചെയ്യുന്നത്. അല്ലാഹുവിൽ നിന്നും എനിക്ക് ലഭിയ്ക്കുന്ന സന്ദേശങ്ങൾ നിങ്ങളിലെത്തിക്കുന്ന എന്റെ ജോലി തുടരുക തന്നെ ചെയ്യും.തീർച്ചയായും, നിങ്ങളുടെ സ്രഷ്ടാവിനോട് കണക്കുബോധ്യപ്പെടുത്തേണ്ട ഒരു ദിനം വരികതന്നെ ചെയ്യും. ആ ദിനം വരിക തന്നെ ചെയ്യും. ഒരു സംശയവും വേണ്ട അക്കാര്യത്തിൽ ഇൻശാ അല്ലാഹ്. അതുകൊണ്ട് ഉണരൂ, നിങ്ങളുടെ തെറ്റുകളെ പറ്റി ബോധവാന്മാരാകൂ. നേരം വൈകിപ്പോകും മുമ്പെ, സ്വയം പരിഷ്ക്കരിക്കൂ.

നമ്മുടെ ലോകത്തിന് എന്താണ് സംഭവിക്കുന്നത്? ഇത്തരം പ്രതിഭാസങ്ങൾ തുടരെത്തുടരെ ഉണ്ടാകാനുള്ള കാരണം എന്താണ്? ശാസ്ത്രഞ്ജർ പറയുന്നത് ഇത്തരം പ്രതിഭാസങ്ങൾ പണ്ടു കാലങ്ങളിലും ഉണ്ടായിരുന്നു എന്നാണ്. 1918 ൽ 18 മാസക്കാലയളവിനുള്ളിൽ 20 മില്യൻ ആളുകൾ ഇൻഫ്ലുവൻസ പകർച്ചവ്യാധി വന്ന് മരണപ്പെടുകയുണ്ടായി. ബൈബിൾ നമുക്ക് മഹാപ്രളയത്തെപറ്റി വിശദമാക്കിത്തരുന്നു. ഇതിനു കാരണം അന്നത്തെ ജനതയിലുണ്ടായ ധാർമ്മിക മൂല്യച്യുതിയാണെന്നാണ് പറയപ്പെടുന്നത്. ശാസ്ത്രജ്ഞർ ഈ പ്രളയത്തിന്റെ ബാക്കിപത്രങ്ങൾ കണ്ടെത്തി

യിട്ടുണ്ട്. സമുദ്രാന്തർഭാഗത്തു നിന്ന് കണ്ടെടുത്ത നാഗരിക സമൂഹത്തിന്റെ അവശിഷ്ടങ്ങൾ ഇതിന് ഉദാഹരണങ്ങൾ ആണ്.

വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. പുനരുത്ഥാന നാളിനു മുമ്പ് നാം നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാത്ത ഒരു രാജ്യവുമില്ല. ഇത് ദൈവീക നിയമത്തിൽ രേഖപ്പെടുത്തപ്പെട്ടതാണ്.(ബനീ ഇസ്റായീൽ, 17: 59)

ഒരു കാര്യം സ്മർത്തവ്യമാണ്. ദൈവം തന്റെ താക്കീതുകൾ ശിക്ഷയ്ക്ക് മുമ്പേ ഇറക്കാറുണ്ട്. കാരണം കൂടാതെ, പൊതുവേ ദുരന്തങ്ങൾ (ഭൂമികുലുക്കം, യുദ്ധം, പകർച്ചവ്യാധികൾ) ദൈവം ഇറക്കുകയില്ല. ഒരു നാടിനേയും അതിന് താക്കീത്കാർ, പ്രവാചകന്മാർ ഉണ്ടായിട്ടല്ലാതെ നാം നശിപ്പിച്ചിട്ടില്ല. (അശ്ശുറാഅ്, 26:209)

ജിന്നിന്റെയും ഇൻസിന്റെയും സമൂഹമേ, എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്കു വിവരിച്ചു തരുകയും ഈ നാളിനെ കണ്ടു മുട്ടുന്നത് സംബന്ധിച്ച് നിങ്ങൾക്ക് മുന്നറിയിപ്പ് നല്കുകയും വന്നിട്ടില്ലേ? അവർ പറയും, ഞങ്ങൾക്കെതിരായി ഞങ്ങൾ തന്നെയിതാ സാക്ഷ്യം വഹിയ്ക്കുന്നു. (അപ്പോൾ) ഐഹികജീവിതം അവരെ വഞ്ചിച്ചു എന്ന് അവർക്ക് ബോധ്യമാകും. തങ്ങൾ അവിശ്വാസികളായിരുന്നുവെന്ന് അവർക്കെതിരായി അവർതന്നെ സാക്ഷ്യം വഹിയ്ക്കുകയും ചെയ്യുന്നതാണ് (അൻആം, 6:131)

പ്രകൃതിദുരന്തങ്ങളുടെ കാരണങ്ങൾ അന്വേഷിച്ചുപോയ ചില ശാസ്ത്രജ്ഞന്മാർ പരിസ്ഥിതിസന്തുലനവും മനുഷ്യ സമൂഹത്തിന്റെ ധാർമ്മികമൂല്യങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തേയും ആശ്രയത്തേയും കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. ജാപ്പനീസ് ശാസ്ത്രജ്ഞൻ ഡോ.മസാഹു എമോട്ടോ നടത്തിയ പരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. നല്ലതും ചീത്തയും ആയ വിചാരങ്ങൾ നമ്മുടെ പരിസ്ഥിതിയെ മാറ്റിമറിയ്ക്കുമെന്ന് ഈ പഠനങ്ങൾ തെളിയിക്കുന്നു. അദ്ദേഹത്തിന്റെ പരീക്ഷണാനുഭവങ്ങൾ പ്രകാരം ഒരാൾ നല്ല ചിന്തകൾ പ്രസരിപ്പിക്കുമ്പോൾ, വെള്ളക്കട്ടകൾ മനോഹരമായ വർണ്ണശബളിമയോടെ തെളിഞ്ഞുനില്ക്കും. ഒരു മനുഷ്യൻ തെറ്റായ ചിന്തകൾ പ്രസരിപ്പിക്കുമ്പോൾ, ഈ വെള്ളക്കട്ടകൾ നശിപ്പിക്കപ്പെടുന്നു. കറുത്ത കട്ടയായി അത് രൂപാന്തരം പ്രാപിക്കുന്നു. മറ്റു പഠനങ്ങൾ സൂചിപ്പിക്കുന്നത് ഒരു ജൈവീക സന്നിധ്യത്തിൽ നിന്ന് വരുന്ന വിവരങ്ങളെല്ലാം വെള്ളത്തിൽ അടങ്ങിയിരിയ്ക്കുന്നു എന്നാണ്. ഈ

ജൈവീകസാന്നിധ്യ വിവരണങ്ങൾ വെള്ളത്തിൽ നിലനില്ക്കുകയും ചെയ്യും.

ഈ ദുരന്തങ്ങൾക്കെല്ലാം പുറമേ, ജനം ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. എന്തൊക്കെയണ് നമ്മുടെ ലോകത്തിനു സംഭവിച്ചു കൊണ്ടിരിയ്ക്കുന്നത്? പ്രകൃതിദുരന്തങ്ങളും ധാർമ്മികമൂല്യങ്ങളിലെ നാശവും തമ്മിൽ ബന്ധമുണ്ടെങ്കിൽ, നമുക്കു പ്രാർത്ഥിയ്ക്കാം. മാനവരാശിയുടെ കാര്യങ്ങൾ കൈവിട്ടുപോകും മുമ്പ്, എത്രയും വേഗം കാര്യങ്ങൾ മനസ്സിലാക്കട്ടെ.

പരമോന്നതനായ തമ്പുരാൻ പറയുന്നു. ഏതൊരു വിപത്ത് നിങ്ങളെ ബാധിക്കുന്നുവോ അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് എന്നാൽ, അധികവും അവൻ മാപ്പാക്കുന്നു. (അശ്ശൂറാ, 42:31)

മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിയ്ക്കുന്നു. തൽഫലമായി, അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ (ദുഷ്കൃത്യങ്ങളിൽ നിന്ന്) മടങ്ങുന്നതിനു വേണ്ടി (അൽറും 31:42)

കാര്യങ്ങൾ നന്നായി അറിയുന്നവൻ അല്ലാഹു(ത) ആകുന്നു. അല്ലാഹു(ത) അവന്റെ ഭക്തദാസരോട് കാരുണ്യത്തോടെ പെരുമാറട്ടെ. നമ്മെ എല്ലാവരേയും പ്രയാസമേറിയ സാഹചര്യങ്ങളിൽ നിന്ന് രക്ഷപ്പെടുത്തട്ടെ. മുഴുവൻ മാനവരാശിയുടെമേലും അല്ലാഹു(ത) കാരുണ്യത്തോടെ തിരിയട്ടെ. മനുഷ്യ സമുദായം തന്നിലേക്ക് തിരിയണമെന്നും തന്റെ കല്പനകൾ അനുസരിയ്ക്കണമെന്നും അല്ലാഹു(ത) ആഗ്രഹിയ്ക്കുന്നു. എല്ലാം സൃഷ്ടിക്കുകയും നമുക്ക് എല്ലാ നല്കുകയും ചെയ്ത സ്രഷ്ടാവിൽ നിന്നുള്ള ഒരു വിനീതമായ അഭ്യർത്ഥനയാണ് ഇത്. അതുകൊണ്ട് നമുക്ക് പ്രാർത്ഥിയ്ക്കാം. മാനവരാശി തിരിച്ചറിവിലേക്ക് പെട്ടെന്ന് വളരട്ടെ. ഇൻശാഅല്ലാഹ്


അതുകൂടാതെ, ഹുസൂർ തിരുമനസ്സ് മൗറിഷ്യസിലെ സാഹചര്യത്തെക്കുറിച്ചും, സംസാരിച്ചു. രാഷ്ട്രീയ സാഹചര്യം, അതുപോലെ തന്നെ, ദ്വീപുസമൂഹങ്ങളെ പൊതിഞ്ഞു നില്ക്കുന്ന നിരവധി ദുരന്തങ്ങളെക്കുറിച്ചും സംസാരിച്ചു. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി, ശക്തമായ മഴ വർഷിക്കുന്നതായി നാം കണ്ടുകൊണ്ടിരിയ്ക്കുന്നു. 52-ാം സ്വാതന്ത്ര്യദിനം രാജ്യത്ത് ആഘോഷിയ്ക്കാൻ സാദ്ധ്യമല്ലാതെ

വന്നിരിയ്ക്കുന്നു. സ്കൂൾ മുഴുവൻ അടച്ചിടാൻ സർക്കാർ നിർബ ന്ധിതരായി. കുട്ടികൾ മുഴുവൻ വീട്ടിലിരിക്കുന്ന സാഹചര്യം. സ്വാത ന്ത്ര്യദിനാഘോഷം ഉപേക്ഷിക്കുന്ന അവസ്ഥ. ദേശീയതലത്തിലും ഇത് ആചരിയ്ക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായി.

## 2020 മാർച്ച് മാസം 9-ാം തീയതി ലഭിച്ച ഒരു ദൈവീകവെളിപാട്

അല്ലാഹു(ത) ഇന്നെനിയ്ക്ക് വെളിപാട് ഇറക്കി! ഈ സമുദായ ത്തെ ഞാൻ മുഴുലോകത്തും വ്യാപിപ്പിക്കുന്നതാണ്. ശക്തമായ തെളി വുകളുടേയും ന്യായവാദങ്ങളുടേയും അടിസ്ഥാനത്തിൽ നാം ജമാ അത്ത്സഹീഹിൽ ഇസ്ലാമിനെ വളർത്തുന്നതാണ്.

എന്റെ ഖലീഫയായ മുനീർ അഹ്മദ് അസീം ലോകം മുഴുവൻ നീ സഞ്ചരിക്കുക. ജനങ്ങളെ മുഴുവൻ നിന്റെ സൃഷ്ടാവിലേക്ക് വിളി ക്കുക.നിന്റെ ജോലി ഇതല്ലാതെ മറ്റൊന്നുമല്ല. നീ എന്റെ ഖലീഫയാണ്; എന്നെ നീ അനുസരിയ്ക്കുക; മറ്റു സൃഷ്ടികളെ അനുസരിക്കരുത്. ആ ദിനങ്ങൾ വരുന്നു. അവ സമാഗതമാകാറായിരിയ്ക്കുന്നു, ഈ ദൈവീകപന്ഥാവിനെ മറ്റെല്ലാറ്റിനും മേൽ നാം വിജയിപ്പിക്കും. നിന്റെ കാല്പാദം എല്ലാ രാജ്യങ്ങളിലും പതിയട്ടെ. നിന്നിൽ വിശ്വസിക്കുന്ന വരെ നാം അനുഗ്രഹിയ്ക്കുന്നതാണ്. വലിയ ആദരവോടെ എല്ലാ വരും നിന്നെ സ്വീകരിക്കുന്നതാണ്. നിന്റെ ശത്രുക്കളെല്ലാം നശിപ്പി ക്കപ്പെടും, പരാജയപ്പെടുകയും ചെയ്യും. ഞാൻ നിന്നോടൊപ്പമുണ്ട് അതുകൊണ്ട് എന്നെമാത്രം അനുസരിക്കുക.




***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***